പാലക്കാട്	:	18-12-2000
ഒറ്റപ്പാലം	:	26-12-2000
തൊടുപുഴ, കാഞ്ഞിരപ്പള്ളി, പാലാ	:	31-1-2001
ആലപ്പുഴ, ചേർത്തല	:	3-1-2001
മാവേലിക്കര	:	31-1-2001
തിരുവല്ല	:	6-2-2001
കൊല്ലം	:	17-2-2001
പത്തനംതിട്ട, കൊട്ടാരക്കര,	:	5-2-2001

ശേഷിക്കുന്ന നാലു ജില്ലകളിൽ ഫെബ്രുവരിയിൽ തന്നെ വിതരണം ചെയ്യുന്നതാണ്.

(ജി & എച്ച്) സാധാരണയായി എസ്.എസ്.എൽ.സി. പരീക്ഷക്കുള്ള ഉത്തരക്കടലാസുകളുടെ വിതരണം നവംബർ മാസം ആരംഭിച്ച് അടുത്ത വർഷം ഫെബ്രുവരി മാസം അവസാനത്തെ ആഴ്ചയോടെ പൂർത്തിയാക്കുകയാണ് ചെയ്യുന്നത്. ചോദ്യ പേപ്പറുകൾ പരീക്ഷാ തുടങ്ങുന്നതിന് മൂന്നു ദിവസങ്ങൾക്കു മുമ്പ് മാത്രമേ പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കാറുള്ളു.

(ഐ) ഉത്തരക്കടലാസുകൾ പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടില്ല.

അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ

96 (643) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ തുടർന്നും പ്രവർത്തിപ്പിക്കുന്നതിന് എൻ.സി.ടി.ഇ.യുടെ അംഗീകാരം ആവശ്യമുണ്ടോ ;

(ബി) എൻ.സി.ടി.ഇ. നിർദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ ;

(സി) പുതിയ തസ്തിക അനുവദിച്ചില്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് അടുത്ത വർഷം അംഗീകാരം പിൻവലിക്കുമെന്ന് എൻ.സി.ടി.ഇ. സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) താൽക്കാലിക അംഗീകാരമാണ് എൻ.സി.ടി.ഇ. ഇപ്പോൾ നൽകി വരുന്നത്. പുതിയ തസ്തികകൾ നിർബന്ധമാക്കുന്നതു സംബന്ധിച്ച് എൻ.സി.ടി.ഇ.യുടെ അന്തിമ തീരുമാനം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടില്ല.

മലയാളം അദ്ധ്യാപകരുടെ തസ്തിക

97 (644) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ സർക്കാർ ഹൈസ്കൂളുകളിൽ എത്ര മലയാളം അദ്ധ്യാപകരുടെ തസ്തിക ഒഴിഞ്ഞു കിടപ്പുണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) ഹൈസ്കൂൾ മലയാളം അദ്ധ്യാപക നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെന്നാണ് ; ഇതിൽ നിന്നും എത്രപേർക്ക് നിയമനം നൽകി ;

(സി) പ്ലസ് ടു അദ്ധ്യാപക നിയമനം മൂലവും അല്ലാതെയും ഹൈസ്കൂളുകളിൽ ഉണ്ടായിട്ടുള്ള മലയാളം അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി. ലിസ്റ്റിൽ നിന്നും നികത്തുന്നതിന് അടയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 15 (പതിനഞ്ച്) എണ്ണം

(ബി) എച്ച്.എസ്.എ (മലയാളം) അദ്ധ്യാപകരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് 10-11-2000-ൽ നിലവിൽ വന്നു. ഈ ലിസ്റ്റിൽ നിന്ന് നാളിതുവരെ 69 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) ഹൈസ്കൂൾ അദ്ധ്യാപകരെ ഹയർ സെക്കന്ററി അദ്ധ്യാപകരായി നിയമിക്കുമ്പോഴുണ്ടാകുന്ന ഒഴിവുകളിലേക്ക് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുവാൻ നടപടി

98 (645) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ അഴിക്കോട് യു.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ട് 9-6-2000-ലും പനവൂർ എൽ.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ട് 12-6-2000-ലും സർക്കാരിന് സമർപ്പിച്ച നിവേദത്തിനു മേൽ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ അക്കാദമിക് വർഷത്തിൽ തന്നെ ഈ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനു സർക്കാർ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly